**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **16-03-2022 - ൽ മറുപടിയ്ക്ക്**

**അവയവ വിൽപ്പന മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രത്യേകിച്ച് തീരപ്രദേശ മേഖലകളിൽ അവയവ വിൽപ്പന മാഫിയ സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മാഫിയകളാൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട കടബാധ്യതയുള്ള കുടുംബങ്ങളെയാണ് ഇത്തരം സംഘങ്ങൾ വലയിലാക്കി സാമ്പത്തിക സഹായങ്ങൾക്ക് പകരമായി അവയവങ്ങൾ സ്വീകരിക്കുന്നതെന്ന ഗൗരവതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | മാഫിയകൾ കടബാധ്യതയുള്ള കുടുംബങ്ങളെ വലയിലാക്കി സാമ്പത്തിക സഹായങ്ങൾക്ക് പകരമായി അവയവങ്ങൾ സ്വീകരിക്കുന്നതെന്ന ഗൗരവതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.. എന്നാൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളായിട്ടുള്ള നിരവധി ആളുകൾ അവരുടേയും അവരുടെ കുടുംബങ്ങളുടേയും പൂർണ്ണ സമ്മതത്തോടെ കേരളത്തിലെ വിവിധ ആശുപത്രികളിലായി അവയവദാനം നടത്തിയിട്ടുള്ളതായി അറിയുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ക്രൈം 219/CB/TSR/18 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു. |
| (സി) | ആശുപത്രി പരിസരങ്ങളിലെ കടകൾ കേന്ദ്രീകരിച്ച് നടത്തുന്നതായി പറയപ്പെടുന്ന ഇത്തരം മനുഷ്യത്വ രഹിത പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ